**കേരള കാർഷിക സർവകലാശാല വാർത്തകൾ**
**(ഒക്ടോബർ 16 – 22, 2020)**
**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651**
**e-mail: ccmannuthy@kau.in, Phone:0487-2370773)**

No. C3/4/2020 - 44 Dt. 15.10. 2020

ഈയാഴ്ചത്തെ വിളപരിപാലന നിർദ്ദേശങ്ങൾ

തെങ്ങിന്റെ പ്രധാന ശത്രു കീടങ്ങളിലൊന്നായ ചെമ്പൻചെല്ലിക്കെതിരെ പ്രതിരോധ നടപടികൾ നടപ്പാക്കേണ്ട സമയമാണിത്. തൈതെങ്ങുകളുടെ തണ്ട് തുരന്ന് മുട്ടയിടുന്ന ചെല്ലിയുടെ പുഴുക്കൾ തടിയുടെ ഉൾഭാഗം തിന്നു നശിപ്പിക്കും. വലിയ തെങ്ങുകളുടെ തടിയിലോ മണ്ടയിലോ മുറിവുണ്ടായാൽ ചെമ്പൻചെല്ലിയുടെ ആക്രമണത്തിനുള്ള സാദ്ധ്യത കൂടും. എല്ലാ സുഷിരങ്ങളും കളിമണ്ണുകൊണ്ട് അടയ്ക്കുന്നത് ഈ കീടത്തെ നിയന്ത്രിക്കുന്നതിന് സഹായകരമാണ്. ആക്രമണസാദ്ധ്യത തടയാൻ മുറിപ്പാടുകളിൽ കരിഓയിൽ തേച്ച് കൊടുക്കുന്നതും ദ്വാരങ്ങൾ കാണുന്നുവെങ്കിൽ അതിലേക്ക് വാതകസ്വഭാവമുള്ള കീടനാശിനികൾ ഡൈക്ലോർവോസ് (നുവാൻ 1 മി.ലി ഒരു ലിറ്റർ വെള്ളത്തിൽ) കലക്കി ¼ – ½ ലിറ്റർ വീതം ഒഴിച്ച് കൊടുത്ത് ദ്വാരങ്ങൾ അടയ്ക്കുന്നതും നല്ലതാണ്.

തെങ്ങിൽ കൊമ്പൻ ചെല്ലിയുടെ ആക്രമണം കാണുവാൻ സാധ്യതയുണ്ട്. തെങ്ങിന്റെ മണ്ട നന്നായി വൃത്തിയാക്കിയ ശേഷം കാർട്ടാപ്പ് ഹൈഡ്രോക്ലോറൈഡ് (4 G) – 20ഗ്രാം, 200 ഗ്രാം മണലുമായി ചേർത്തതോ അല്ലെങ്കിൽ ഫിപ്രോനിൽ (0.3 G ) 20ഗ്രാം 200 ഗ്രാം മണലുമായി ചേർത്ത മിശ്രിതമോ കൂമ്പോലയുടെ ചുറ്റുമുള്ള രണ്ടോ മൂന്നോ ഇലക്കവിളുകളിൽ നന്നായി നിറയ്ക്കുക. വർഷത്തിൽ മൂന്നു പ്രാവശ്യമെങ്കിലും ഇത് ആവർത്തിക്കേണ്ടതാണ്. (ജനുവരി, മെയ്, സെപ്റ്റംബർ/ഒക്ടോബർ)

നെൽകൃഷിയിൽ തണ്ടുതുരപ്പൻ, ഓലചുരുട്ടി കീടങ്ങളുടെ ശല്യമുള്ള നിലങ്ങളിൽ ഈ കീടങ്ങൾക്കെതിരെയുള്ള വ്യത്യസ്ഥ ട്രൈക്കോഗ്രമ്മ മുട്ടക്കാർഡുകൾ നെല്ലോലകളിൽ കെട്ടിവയ്ക്കുകയോ, കമ്പുകളിൽ നാട്ടി പാടത്ത് വെക്കുകയോ ചെയ്യണം. ഞാറ്റടി മുതൽ തന്നെ ട്രൈക്കോകാർഡുകൾ വെച്ചു കൊടുക്കുക. ഏക്കറിന് രണ്ടു കാർഡുകൾ എന്ന കണക്കിൽ വെക്കേണ്ടതാണ്. ഓരോ കാർഡും 10 കഷണങ്ങളായി മുറിച്ച് 5 സെന്റിന് ഒരു കഷണം വീതം വെക്കാൻ ശ്രദ്ധിക്കുക. 10 ദിവസങ്ങൾ ഇടവിട്ട് പുതിയ കാർഡുകൾ വെയ്ക്കേണ്ടതാണ്. നാലോ അഞ്ചോ പ്രാവശ്യം പുതുക്കി വയ്ക്കേണ്ടതാണ്.

കാബേജ്, കോളിഫ്ളവർ തുടങ്ങിയ ശീതകാല പച്ചക്കറികൾ നടാൻ പറ്റിയ സമയമാണ്. ഒരടി വീതിയും ഒരടി താഴ്ച്ചയുമുള്ള ചാലുകൾ രണ്ടടി അകലത്തിൽ എടുക്കുക. ജൈവവളം ചേർത്ത ശേഷം ചാലുകൾ മുക്കാൽ ഭാഗം മൂടുക. തയ്യാറാക്കിയ ചാലുകളിൽ ഒന്നരയടി അകലത്തിൽ തൈകൾ നടണം. തുലാമഴ പെയ്ത് നശിക്കാതിരിക്കാൻ തൈകൾക്കു ചുറ്റും എന്തെങ്കിലും മറ ഉണ്ടാക്കുന്നത് നല്ലതാണ്.

പച്ചക്കറികളിൽ ജൈവകീടനാശിനികൾ ഉപയോഗിക്കുന്നത് ഏറെ സുരക്ഷിതമാണ്. വേപ്പിൻകുരുസത്ത് ലായനി, മണ്ണെണ്ണ കുഴമ്പ്, വേപ്പെണ്ണ ഇമൾഷൻ, വേപ്പെണ്ണ–വെളുത്തുള്ളി മിശ്രിതം തുടങ്ങിയ ജൈവകീടനാശിനികൾ ഇലതീനിപ്പുഴുക്കൾ, വെള്ളീച്ച, പയറിലെ മുഞ്ഞ, ചിത്രകീടം ഇവയ്ക്കെതിരെ ഫലപ്രദമാണ്. കൂടാതെ വിവിധ തരം കെണികൾ തോട്ടത്തിൽ വെച്ചും കീടങ്ങളെ ആകർഷിച്ച് നശിപ്പിക്കാം. ഒരു ലിറ്റർ വെള്ളത്തിൽ 20 മി.ലി. വിനാഗിരി ചേർത്തതിൽ പച്ചക്കറികൾ ഉലച്ചു കഴുകിയാൽ സ്പർശനവീര്യമുള്ള കീടനാശിനികളുടെ വിഷാംശം ഉണ്ടെങ്കിൽ കുറഞ്ഞു കിട്ടും. പച്ചക്കറികളിൽ കായീച്ചയെ കാണാനിടയുണ്ട്. കേടുവന്ന കായ്കൾ നശിപ്പിക്കുക. കായീച്ചകളെ നിയന്ത്രിക്കാനുള്ള പ്രത്യേകമായ ഫിറമോൺ കെണിയായ ക്യുലുർ 6 എണ്ണം ഒരു ഏക്കറിന് എന്ന കണക്കിൽ ഉപയോഗിക്കുക. ഇതിനോടൊപ്പം തുളസി/പഴക്കെണികൾ കൂടെ വയ്ക്കേണ്ടതാണ്. എന്നിട്ടും കുറവില്ലെങ്കിൽ 2 മില്ലി മാലത്തിയോൺ 1 ലിറ്റർ വെള്ളത്തിൽ ചേർത്ത് പൂക്കുന്ന സമയത്തും കായ് പിടിക്കുന്ന സമയത്തും തളിച്ചു കൊടുക്കണം.

ഇഞ്ചിയിൽ തണ്ടുതുരപ്പന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇതിനു പ്രതിവിധിയായി ബ്യുവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

വാഴയിൽ ഇലത്തീനിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. പുഴുവിന്റെ ആക്രമണം ബാധിച്ച വാഴയുടെ ഇലകൾ പുഴുവിനോട് കൂടി തന്നെ മുറിച്ചെടുത്ത് നശിപ്പിച്ച് കളയുക. ആക്രമണം അധികമായാൽ 2 മില്ലി ക്വിനാൽഫോസ് 1 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 3 മില്ലി ക്ലോറാൻട്രാനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. ഇടവിട്ടുള്ള മഴയും വെയിലും മൂലം വാഴയിൽ ഇലപ്പുള്ളിരോഗത്തിനു സാധ്യതയുണ്ട്. മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ ചേർത്ത് കുളിർക്കെ തളിക്കുക. രണ്ട് ആഴ്ചക്കു ശേഷവും രോഗത്തിനു കുറവില്ലെങ്കിൽ രണ്ട് മി.ലി ഹെക്സാകൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ ഒരു മി.ലി പ്രോപികൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ പശ ചേർത്ത് ഇലയുടെ അടിയിൽ പതിയത്തക്കവിധം കുളിർക്കെ തളിക്കുക.

## <u>അറിയിപ്പ്</u>

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0487-2370773

2. കോവിഡ് – 19 എന്ന മഹാമാരി വലിയ രീതിയിൽ ആഘാതം സൃഷ്ടിച്ച ഒരു മേഖലയാണ് കൃഷി. ഈ അവസരത്തിൽ കാർഷിക മേഖലയ്ക്ക് കൈത്താങ്ങായി കേരള കാർഷിക സർവ്വകലാശാല, വിജ്ഞാന വ്യാപന ഡയറക്ടറേറ്റിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്റർ, സമൂഹ മാധ്യമമായ ഫേസ്ബുക്കിലൂടെ കർഷകരിലേയ്ക്കെത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഡയറക്ടറേറ്റ് ഓഫ് എക്സ്റ്റൻഷൻ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി എന്ന ഫേസ്ബുക്ക് പേജ് സന്ദർശിക്കുക.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാല പ്രവർത്തനം പുനരാരംഭിച്ചിരിക്കുന്നു. എല്ലാത്തരം പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ, (പാവൽ, വെണ്ട, പയർ) പൊടികൾ, വിവിധ തരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലി സോസ്, തക്കാളി സോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലെ പഴം പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും ചെയ്തു കൊടുക്കുന്നതാണ്.

**<u>നിബന്ധനകൾ</u>**

1. കുറഞ്ഞത് 10 കിലോഗ്രാം പഴം പച്ചക്കറി ഉണ്ടാവണം.
2. കർഷകർക്ക് താൽപ്പര്യമുള്ള ഉൽപ്പന്നമോ അസംസ്കൃത വസ്തുവിന്റെ ഗുണനിലവാരം അനുസരിച്ച് വിപണന സാധ്യതയുള്ള ഏതെങ്കിലും ഉൽപ്പന്നമോ തയ്യാറാക്കി നൽകുന്നു.
3. മൂല്യവർദ്ധിത ഉൽപ്പന്നം തയ്യാറാക്കുവാൻ വേണ്ട വസ്തുക്കളുടെ വിലയും കൂലിച്ചിലവും കർഷകർ അടയ്ക്കണം.
4. മൂല്യവർദ്ധിത ഉൽപ്പന്നം പാക്ക് ചെയ്യുവാനുള്ള വസ്തുക്കൾ കർഷകർ കൊണ്ടു വന്നാൽ അതിൽ പാക്ക് ചെയ്തും നൽകും.
5. കേരള കാർഷിക സർവകലാശാലയുടെ പേരിൽ ഇത് വിപണനം ചെയ്യുവാൻ സാധ്യമല്ല. ഉൽപ്പന്നം കർഷകർ തന്നെ അവരുടെ സ്ഥാപനപേരിൽ വിപണനം ചെയ്യേണ്ടതാണ്.
6. കൂടുതൽ വിവരങ്ങൾക്ക് 0487-2370773, 9497412597 എന്നീ ഫോൺ നമ്പറുകളിലോ ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

ഒപ്പ്/-
പ്രൊഫസർ & ഹെഡ്
കമ്മ്യൂണിക്കേഷൻ സെന്റർ